(സി) ഏതെങ്കിലും പ്രത്യേക മേഖലയിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അറിയിച്ചാൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ആറ്റിങ്ങൽ വൈദ്യുതി ഭവന്റെ നിർമ്മാണ പ്രവർത്തനം

98 (1250) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ വൈദ്യുതി ഭവന്റെ നിർമ്മാണപ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) കീഴാറ്റിങ്ങൽ സബ്സ്റ്റേഷൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ കേരള പവർ ഫിനാൻസ് കോർപ്പറേഷന്റെ സഹായത്തോടെ വൈദ്യുതി ഭവനം നിർമ്മിക്കാനുള്ള പദ്ധതിയുണ്ട്. ആയതിലേക്ക് ഭൂമിയെ സംബന്ധിച്ചുള്ള രേഖകൾ പവർ ഫിനാൻസ് കോർപ്പറേഷന് കൈമാറേണ്ടതുണ്ട്. സർക്കാർ പുറംപോക്കായി റിക്കാർഡുകളിൽ രേഖപ്പെടുത്തി കാണുന്ന പ്രസ്തുത ഭൂമി ബോർഡിന് കൈമാറ്റം ചെയ്തു കിട്ടിയതിനുശേഷം മാത്രമേ നിർമ്മാണ പ്രക്രിയയ്ക്ക് തുടക്കം കുറിയ്ക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) കീഴാറ്റിങ്ങലിൽ സബ്സ്റ്റേഷൻ പണിയുവാനുള്ള നിർദ്ദേശം പരിഗണനയിലില്ല. എന്നാൽ കടയ്ക്കാവൂരിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുത്ത് പണി ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക

99 (1251) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. കൊയിലാണ്ടി നോർത്ത് സെക്ഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക വളരെകാലമായി ഒഴിഞ്ഞ് കിടക്കുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഒഴിവിലേക്ക് ഉടനെ ആളെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) പ്രസ്തുത സെക്ഷനിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

(സി) പത്ത് ഒഴിവുകൾ.

LIBRARY ARCHIVES Kerala Legislative Assembly